(ജി) ശമ്പള കമ്മീഷന്റെ കാലാവധി ഇതുവരെ രണ്ട് തവണ ദീർഘിപ്പിച്ചു നൽകുകയുണ്ടായി. അവസാനമായി ദീർഘിപ്പിച്ചു നൽകിയ കാലാവധി 30-6-2015-ൽ അവസാനിക്കും. ശമ്പള കമ്മീഷനിൽ ഇപ്പോൾ ജോലിയിലുള്ള ജീവനക്കാരുടെയും തസ്തികകളുടെയും വിവരം ചുവടെ ചേർക്കുന്നു :

തസ്തിക	ജീവനക്കാരുടെ എണ്ണം
അഡീഷണൽ സെക്രട്ടറി	1
ജോയിന്റ് സെക്രട്ടറി	1
അണ്ടർ സെക്രട്ടറി	2
സെക്ഷൻ ഓഫീസർ	4
അസിസ്റ്റന്റ്	8
കമ്പ്യൂട്ടർ അസിസ്റ്റന്റ്	3
കോൺഫിഡൻഷ്യൽ അസിസ്റ്റന്റ്	4
ക്ലറിക്കൽ അസിസ്റ്റന്റ്	1
ഓഫീസ് അറ്റൻഡന്റ്	4
ആകെ	28

ശമ്പള പരിഷ്കരണ റിപ്പോർട്ട് 30-6-2015-നകം സർക്കാരിന് സമർപ്പിക്കാൻ കമ്മീഷന് കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ശമ്പള പരിഷ്കരണ തീയതി എന്നുമുതൽ പ്രാബല്യത്തിൽ വരുത്തണമെന്ന് കമ്മീഷൻ റിപ്പോർട്ട് നൽകുമ്പോൾ മാത്രമേ വ്യക്തമാക്കാൻ കഴിയുകയുള്ളൂ.

കേന്ദ്ര സർക്കാർ സഹായത്തോടെ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കി വരുന്ന പദ്ധതികൾ

121 (2359) ശ്രീ. ജി. സുധാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരമേറ്റ ശേഷം കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആരംഭിച്ച പദ്ധതികളുടെ വിശദാംശം ലഭ്യമാക്കുമോ ;

(ബി) കേന്ദ്ര ഗവൺമെന്റിന്റെ സഹായത്തോടെ ആലപ്പുഴ ജില്ലയിൽ നടപ്പിലാക്കിവരുന്ന പദ്ധതികൾ, പ്രസ്തുത പദ്ധതികൾക്കായി അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

LIBRARY ARCHIVES Kerala Legislative Assembly

(സി) 2014-15 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളും അതിന് അനുവദിച്ച തുകയും സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ ;

(ഡി) 2014-15 സാമ്പത്തിക വർഷം ആലപ്പുഴ ജില്ലയ്ക്ക് അനുവദിച്ച പദ്ധതികൾ, അതിന് അനുവദിച്ച തുക എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റശേഷം കേന്ദ്രഗവൺമെന്റിന്റെ സഹായത്തോടെ ആരംഭിച്ച പദ്ധതികളുടെ വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.

(ബി) സംസ്ഥാനത്തിന്റെ മൊത്തത്തിലുള്ള വികസനം ലക്ഷ്യമിട്ടുകൊണ്ടാണ് സംസ്ഥാനത്ത് പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കുന്നത്. പദ്ധതി നിർവ്വഹണവുമായി ബന്ധപ്പെട്ട് വിവിധ പദ്ധതി/വകുപ്പ് തിരിച്ചുള്ള കണക്കുകൾ മാത്രമേ സൂക്ഷിക്കുന്നുള്ളൂ. ജില്ല തിരിച്ചുള്ള, പദ്ധതികളുടെ നടത്തിപ്പുമായി ബന്ധപ്പെട്ടുള്ള, വിവരങ്ങൾ പ്രത്യേകം ക്രോഡീകരിച്ച് സൂക്ഷിക്കുന്നില്ല.

(സി) 2014-15 സാമ്പത്തിക വർഷം കേന്ദ്ര ഗവൺമെന്റ് അനുവദിച്ച പദ്ധതികളും അംഗീകരിച്ച തുകയും സംബന്ധിച്ച വിശദാംശം അനുബന്ധം ആയി ചേർക്കുന്നു.*

(ഡി) 'ബി' പിരിവിന്റെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ബാധകമല്ല.

അനധികൃത ചിട്ടി സ്ഥാപനങ്ങൾ

122 (2360) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിച്ചുവരുന്ന അനധികൃത ചിട്ടി സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്, വ്യക്തമാക്കുമോ ;

(ബി) പ്രസ്തുത സ്ഥാപനങ്ങളെ നിയന്ത്രിക്കുന്നതിന് വകുപ്പിന്റെ ആസ്ഥാനത്ത് നിലവിലുള്ള ഉദ്യോഗസ്ഥരെ ഉൾപ്പെടുത്തി ഒരു നോഡൽ ഓഫീസറെ നിയമിച്ച് ഒരു കേന്ദ്രീകൃത സംവിധാനം പ്രവർത്തനം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ ; വിശദാംശം ലഭ്യമാക്കുമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly